പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5004 — 23.03.2018 ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ വനം വിസ്തൃതി

| | ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ വനം വിസ്തൃതിയിൽ വർദ്ധനവ് വന്നിട്ടുണ്ടോ; | (എ) | നിലവിൽ കോഴിക്കോട് ജില്ലയിലെ വനം വിസ്തൃതിയിൽ മാറ്റം വന്നിട്ടില്ല. |
| (ബി) | നിലവിൽ ജില്ലയിൽ എത്ര ഹെക്ടർ വനം ഉണ്ടെന്നും വന വിസ്തൃതിയിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്നും അറിയിക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ വനവിസ്തൃതി 30905.60 ഹെക്ടർ ആണ്. ജില്ലയിലെ വനം വിസ്തൃതിയിൽ മാറ്റം വന്നിട്ടില്ല. |
| (സി) | വേനൽക്കാലത്ത് കാട്ടുതീ പോലുള്ള വിപത്തുകൾ തടയാൻ വേണ്ടി ജില്ലയിൽ എന്തൊക്കെ മുൻകരുതലുകളാണെടുത്തത് എന്ന് വ്യക്തമാക്കാമോ? | (സി) | കോഴിക്കോട് ഡിവിഷനിലെ വനഭാഗങ്ങളിൽ ഭൂരിഭാഗവും നിത്യഹരിത / അർദ്ധ നിത്യഹരിത വനങ്ങളാണ്. അതുകൊണ്ട് കാട്ടുതീ കുറവായ വനപ്രദേശങ്ങളാണിവിടെയുള്ളത്. കാട്ടുതീ തടയുന്നതിനാവശ്യമായ ഫയർലൈൻ രൂപീകരിക്കുകയും ആവശ്യമായ ദിവസവേതനക്കാരെ വനത്തിന്റെ വിവിധഭാഗങ്ങളിൽ ഫയർവാച്ചർമാരായി നിയോഗിച്ചിട്ടുമുണ്ട്. ജീവനക്കാർക്ക് കാട്ടുതീ തടയുന്നതിനാവശ്യമായ പരിശീലനം ഫയർ & റെസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ വനത്തോട് ചേർന്നിടങ്ങളിൽ താമസിക്കുന്നവർക്കിടയിൽ കാട്ടുതീ തടയുന്നതിനായി ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ